സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി

17 (*540) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ്രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ഓഫീസുകളിൽ നിലനിൽക്കുന്ന കൈക്കൂലിയും മറ്റ് അഴിമതികളും ഇല്ലാതാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) വസ്തു രജിസ്ട്രേഷനിലും മറ്റു നടപടികളിലും ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) നടപടി സ്വീകരിച്ചു വരുന്നു.

(ബി) കാലതാമസമാണ് പലപ്പോഴും അഴിമതിക്ക് കാരണമാകുന്നത്. കാലതാമസം ഒഴിവാക്കുവാൻ സംസ്ഥാനത്തെ രജിസ്ട്രേഷൻ വകുപ്പിലെ എല്ലാ ഓഫീസുകളും സമയബന്ധിതമായി കമ്പ്യൂട്ടറൈസ് ചെയ്യുന്ന നടപടി പുരോഗമിച്ചു വരികയാണ്. കൈക്കൂലിയും മറ്റ് അഴിമതികളും ഇല്ലാതാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 30 സബ്രജിസ്ട്രാർ ഓഫീസുകളിൽ വിജിലൻസ് വകുപ്പ് റെയിഡു നടത്തുകയും അതിന്റെ ഭാഗമായി 30 ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുമുണ്ടായി. കൂടാതെ 111 ജീവനക്കാരുടെ പേരിൽ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇടനിലക്കാർ ഓഫീസുകൾക്കുള്ളിൽ കടന്നുവരാൻ പാടില്ല എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പണമോ പാരിതോഷികമോ നൽകരുത് എന്ന് എല്ലാ ഓഫീസുകൾക്കു മുമ്പിലും വിജിലൻസ് ഡയറക്ടറുടെ അറിയിപ്പായി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്ടുകൾ

18 (*541) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരസഭകളിൽ എവിടെയെല്ലാം ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്ടുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിക്ക് ആരിൽ നിന്നെല്ലാം സഹകരണവും ധനസഹായവും ലഭിക്കുന്നുണ്ട് ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) സംസ്ഥാനത്തെ 53 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും ദാരിദ്ര്യനിർമ്മാർജ്ജന പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു.

(ബി) നഗര സ്വയംതൊഴിൽ പരിപാടി, നഗരവേതന നിരത തൊഴിൽ പരിപാടി, ഭവന നിർമ്മാണം, പുനരുദ്ധീകരണം എന്നിവയ്ക്ക് പുറമേ കുടിവെള്ളം, കക്കൂസ്, ഓടകൾ, ചെറിയ പാലങ്ങൾ, കലുങ്കുകൾ, പൊതു കെട്ടിടങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ലൈബ്രറികൾ, വഴിവിളക്കുകൾ തുടങ്ങിയ ചേരി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും ധനസഹായവും സഹകരണവും ലഭിക്കുന്നുണ്ട്. കൊച്ചി നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിക്ക് ബ്രിട്ടീഷ് സർക്കാരിന്റെ ധനസഹായമുണ്ട്.

ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ തടയാൻ നടപടി

19 (*542) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി : താഴെ. കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാക്കരിയിൽ മായം ചേർത്ത് കുത്തരിയാക്കി വിൽക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരിയിൽ മായം ചേർത്ത് വിൽപ്പന നടത്തിയ എത്ര കേസുകൾ പിടിച്ചിട്ടുണ്ടെന്നും ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) മാരക രോഗങ്ങൾക്ക് കാരണമായേക്കാവുന്ന ഭക്ഷ്യമായങ്ങളും നിറങ്ങളും ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്നത് തടയുന്നതിന് കർശനമായ നടപടി കൈക്കൊള്ളുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള 1112 സാമ്പിളുകൾ പരിശോധിച്ചതിൽ 4 സാമ്പിളുകൾ മായം കലർന്നതായി കണ്ടെത്തിയിട്ടുണ്ട്. 1954-ലെ കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമവും ചട്ടവും അനുശാസിക്കും പ്രകാരം കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly